നമ്പർ WCD-E1/2787/2022

വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 25/01/2022

## പരിപത്രം

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കോവിഡ്-19 - സ്പെഷ്യൽ കാഷ്വൽ ലീവിൽ പ്രവേശിക്കുന്ന ശിശു വികസന പദ്ധതി ഓഫീസർമാരുടെ ചുമതല ക്രമീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബ.

സൂചന :- വനിതാ ശിശുവികസന ഡയറക്ടറുടെ 16/11/2021 ലെ WCD/E1/13680/2021 നമ്പർ പരിപത്രം

കോവിഡ്-19 ബാധിതരാകുന്ന ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിന് സൂചന പ്രകാരം അതാത് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ, കോവിഡ്-19 മായി ബന്ധപ്പെട്ട് സ്പെഷ്യൽ കാഷ്വൽ ലീവിന് അപേക്ഷിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാരുടെ ചുമതല ക്രമീകരിക്കുന്നതിന് വേണ്ടി നിരവധി ശുപാർശകൾ വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലേയ്ക്ക് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ അയക്കുന്നു.

കോവിഡ്-19 മായി ബന്ധപ്പെട്ട് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് ലഭിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാരുടെ അവധി അപേക്ഷകൾ അതാത് സമയങ്ങളിൽ നിലവിലുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിച്ച് യോഗ്യമായ കാലയളവിലേയ്ക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനും ഇത്തരത്തിൽ അവധിയിൽ പ്രവേശിക്കുന്ന ശിശുവികസന പദ്ധതി ഓഫീസർമാരുടെ ചുമതല ക്രമീകരിക്കുന്നതിന് വേണ്ട നടപടി കൂടി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

**വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

<u>പകർപ്പ്</u>

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ/ സ്പെയർ